**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജലവിഭവ വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

## <u>കേരള വാട്ടർ അതോറിറ്റി</u>

1) State Plan – Interim Augmentation of WSS to Kochi  city and adjoining areas Perumbavoor – എന്ന head - ൽ ഉൾപ്പെടുത്തി നിർമ്മിച്ച ആലുവ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ വർക്കുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ ക്രമക്കേട് കണ്ടെത്തി. ടി വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിരിക്കുന്നു.
2) UIDDSMT റോ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് 1 B Reach – III -  ആലപ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ തിരുവല്ല റോഡിൽ തകഴി – മുതൽ കേളമംഗലം വരെയുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചശേഷം കോൺട്രാക്ടറുടെ DLP period - ൽ  55 ലീക്ക് ഉണ്ടാകുകയും ആയതിൽ കരാറുകാരനായ ശ്രീ. വിശ്വനാഥന്റെ ബാധ്യത തുക ആയി 2,05,89,153.36/-  രൂപ fix  ചെയ്യുകയും ചെയ്തിട്ടുണ്ട്.
3) മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമ പഞ്ചായത്തിൽ MLA ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ  ക്രമക്കേട് കണ്ടെത്തി.  തുടർന്ന് ഈ പ്രവൃത്തിയിൽ അതോറിറ്റിക്കുണ്ടായ നഷ്ടം കണ്ടെത്തി അറിയിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 68,180/- രൂപയുടെ ബാധ്യത വാട്ടർ അതോറിറ്റി കണ്ടെത്തുകയും ആയത് പരിശോധിച്ച് വരുകയും ചെയ്യുന്നു.
4) Deposit Work – Providing Water Connection for District General Hospital Kottayam – Pipe line work  എന്ന പ്രവൃത്തിയിൽ അഴിമതി നടന്നതായി ആരോപണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ടി പ്രവൃത്തിയിൽ ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തി.  ആയതിന്മേലുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു.
5) വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിൽ മട്ടപ്പാറ എന്ന സ്ഥലത്ത് MSDP പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ VACB Finance Inspection Squad  കണ്ണൂർ വെവ്വേറെ നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തുകയും ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ കരാറുകാരന് അധികമായി നൽകിയ 30,670/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുകയും ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി സ്വീരിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യത തുകയായി 81,810/- രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6) മലപ്പുറം ജില്ലയിലെ, പ്രൊജക്റ്റ് ഡിവിഷൻ പരിധിയിലുള്ള KIIFB- Tran-02-WRD-005-129-UWSS to Manjeri- Replacing old aged AC pipes with DI pipe in Manjeri Municipality എന്ന പ്രവൃത്തിയിൽ ക്രമക്കേട് നടന്നതായി വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിൽ കണ്ടെത്തുകയും ഈ ക്രമക്കേട് മൂലം 94,392/- രൂപയുടെ നഷ്ടം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്

## <u>ജലനിധി</u>

KRWSA-യുടെ കണ്ണൂർ മേഖലാ ഓഫീസിനുകീഴിൽ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ കുമ്പളപ്പള്ളി കുടിവെള്ള പദ്ധതിക്കായി ചെക്ക് ഡാം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായും വി.സി.05/2024/കെ.എസ്.ഡി. നമ്പർ കേസ് രജിസ്റ്റർ ചെയ്തതായും 3,96,000/- രൂപയുടെ നഷ്ടം കണക്കാക്കിയതായും വിജിലൻസ് അറിയിച്ചിട്ടുണ്ട്.

2016 നവംബർ മാസത്തിൽ KRWSA-യുടെ മലപ്പുറം മേഖലാ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ആയി ജോലി ചെയ്തിരുന്ന ശ്രീ. പ്രവീൺ കുമാർ നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ 22/12/2011 മുതൽ 30/10/2016 വരെ ഏകദേശം 7,56,20,530/- രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി അറിയിച്ചിട്ടുണ്ട്.

ഇടുക്കി മേഖലാ ഓഫീസിനുകീഴിൽ മീനച്ചിൽ പഞ്ചായത്തിൽ 2013 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ ജലനിധി പദ്ധതികളിൽ ഉൾപ്പെട്ട 8 കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് 2021-22 കാലഘട്ടത്തിൽ അനുവദിച്ച ഫണ്ടുകളുപയോഗിച്ച് പൂർത്തിയാക്കിയ പ്രവർത്തികളുടെ എം.ബുക്ക് രേഖപ്പെടുത്തിയതിൽ പുത്തൻശബരിമല, കിഴപറയാർ ജീവ എന്നീ രണ്ട് സമിതികളുടെ അളവുകളിൽ തെറ്റുണ്ടായതിനാൽ 9653.02 രൂപയുടെ നഷ്ടം വന്നതായിട്ടാണ് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഭരണാങ്ങാനം പഞ്ചായത്തിൽ 2013 മുതൽ 15 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ ജലനിധി പദ്ധതികളിൽ ഉൾപ്പെട്ട പാമ്പൂരാംപാറ കുടിവെള്ള സമിതിയിൽ ജലനിധി പദ്ധതിയുടെ ഭാഗമായി പമ്പ് ഹൗസിന്റെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് 7997.42 രൂപയും പമ്പിംഗ് മെയിനിന്റെ എർത്ത് വർക്ക് എക്സ്കവേഷൻ ഇനത്തിൽ 2035.20 രൂപയും അധികമായി എം.ബുക്കിൽ രേഖപ്പെടുത്തിയതുവഴി ആകെ 10032.62 രൂപയുടെ നഷ്ടം ഉണ്ടായതായിട്ടാണ് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.